(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാ ക്രമത്തിൽ ബിൽ കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ ടെണ്ടർ നടപടികൾ

78(506) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷന്റെ ടെണ്ടർ നടപടികൾ എന്തായി എന്ന് വിശദമാക്കാമോ ;

(ബി) മിനി സിവിൽ സ്റ്റേഷൻ പണി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ടെണ്ടർ ചെയ്തിട്ടില്ല ; ആർക്കിടെക്ച്ചറൽ ഡിസൈൻ, സ്ട്രക്ച്ചറൽ ഡിസൈൻ ഇവ തയ്യാറാക്കി വരികയാണ്. ഇവ ലഭിച്ചതിനുശേഷമേ പണി ടെണ്ടർ ചെയ്യാൻ സാധിക്കുകയുള്ളൂ.

ആറിപ്പാലം നിർമ്മിക്കാൻ ഭരണാനുമതി

79 (508) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തിക്കോടി പഞ്ചായത്തിലെ ആറിപ്പാലം നിർമ്മിക്കാൻ എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവർത്തി എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 89.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 31-3-2002-ന് മുൻപേ തീർക്കാൻ കഴിയുമെന്ന് കരുതുന്നു.

സ്വത്ത് കയ്യേറുന്നതായി പരാതി

80(510) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ തൂക്ക് പാലത്തിന് സമാന്തരമായി നിർമ്മിച്ച കോൺക്രീറ്റ് പാലത്തിന്റെ നിർമ്മാണ വേളയിൽ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനുവേണ്ടി വ്യക്തികളിൽ നിന്നും സർക്കാർ പൊന്നും വിലയ്ക്കെടുത്തതും എന്നാൽ പിന്നീട് അപ്രോച്ച് റോഡിന്റെ പണി ഉപേക്ഷിച്ചതുമൂലം തരിശായി കിടക്കുന്നതുമായ പുനലൂർ ടി.ബി.ജംഗ്ഷന് മുൻവശമുള്ള സ്വത്ത് (ഇപ്പോൾ കൊല്ലം ചെങ്കോട്ട നാഷണൽ ഹൈവേയിൽപ്പെടുന്നത്) വ്യക്തികൾ കയ്യേറി കെട്ടിടനിർമ്മാണം നടത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly